സൂറഃ-7

# അൽ അഅ്റാഫ്

فَإِذَا جَآءَتۡهُمُ ٱلۡحَسَنَةُ قَالُواْ لَنَا هَٰذِهِۦۖ وَإِن تُصِبۡهُمۡ سَيِّئَةٞ يَطَّيَّرُواْ بِمُوسَىٰ
وَمَن مَّعَهُۥٓۗ أَلَآ إِنَّمَا طَٰٓئِرُهُمۡ عِندَ ٱللَّهِ وَلَٰكِنَّ أَكۡثَرَهُمۡ لَا يَعۡلَمُونَ
١٣١

**131.** പക്ഷേ നല്ലകാലം വരുമ്പോൾ അവർ ഘോഷിക്കും: നാം അർഹിക്കുന്നതുതന്നെയാണിത്. ദോഷകാലം വരുമ്പോഴോ, മൂസായുടെയും കൂടെയുള്ളവരുടെയും ദുശ്ശകുനത്തിന്റെ ഫലമാണതെന്നാരോപിക്കുകയും ചെയ്യും. എന്നാൽ അറിഞ്ഞിരിക്കുവിൻ, അവരുടെ ഭാഗധേയം അല്ലാഹുവിങ്കൽ മാത്രമാകുന്നു. പക്ഷേ, അവരിലധികമാളുകളും അതറിയുന്നില്ല.

وَقَالُواْ مَهۡمَا تَأۡتِنَا بِهِۦ مِنۡ ءَايَةٖ لِّتَسۡحَرَنَا بِهَا فَمَا نَحۡنُ لَكَ بِمُؤۡمِنِينَ ١٣٢

**132.** ഫറവോനികൾ മൂസായോട് പറഞ്ഞു: ഞങ്ങളെ വശീകരിക്കാൻ നീ എന്തൊക്കെ ദൃഷ്ടാന്തങ്ങൾ കാണിച്ചാലും ശരി, ഞങ്ങൾ നിന്നെ വിശ്വസിക്കാൻ പോകുന്നില്ല.

فَأَرۡسَلۡنَا عَلَيۡهِمُ ٱلطُّوفَانَ وَٱلۡجَرَادَ وَٱلۡقُمَّلَ وَٱلضَّفَادِعَ وَٱلدَّمَ ءَايَٰتٖ
مُّفَصَّلَٰتٖ فَٱسۡتَكۡبَرُواْ وَكَانُواْ قَوۡمٗا مُّجۡرِمِينَ ١٣٣

**133.** അപ്പോൾ നാം ബഹുവിധ ദൃഷ്ടാന്തങ്ങളായി പ്രളയം, വെട്ടുകിളി, ചെള്ള്, തവള, ചോര മുതലായ വിപത്തുകൾ അവരുടെ നേരെ അയച്ചു. എന്നിട്ടും അവർ ഗർവിഷ്ഠരായി നിലകൊള്ളുകയായിരുന്നു. ആ ജനം മഹാപാപികൾ തന്നെയായിരുന്നു.

وَلَمَّا وَقَعَ عَلَيۡهِمُ ٱلرِّجۡزُ قَالُواْ يَٰمُوسَى ٱدۡعُ لَنَا
رَبَّكَ بِمَا عَهِدَ عِندَكَۖ لَئِن كَشَفۡتَ عَنَّا ٱلرِّجۡزَ لَنُؤۡمِنَنَّ لَكَ وَلَنُرۡسِلَنَّ
مَعَكَ بَنِيٓ إِسۡرَٰٓءِيلَ ١٣٤

**134.** ദുരിതമണയുമ്പോഴൊക്കെ അവർ അപേക്ഷിക്കും: അല്ലയോ മൂസാ, താങ്കളുടെ നാഥൻ താങ്കൾക്കരുളിയ വരംകൊണ്ട് ഞങ്ങൾക്കു വേണ്ടി പ്രാർഥിക്കൂ. ഈ ദുരിതം നീക്കിത്തന്നാൽ തീർച്ചയായും ഞങ്ങൾ താങ്കളെ വിശ്വസിക്കുകയും ഇസ്രാഈൽവംശത്തെ താങ്കളോടൊപ്പം വിട്ടയക്കുകയും ചെയ്യാം.

فَلَمَّا كَشَفۡنَا عَنۡهُمُ ٱلرِّجۡزَ إِلَىٰٓ أَجَلٍ هُم بَٰلِغُوهُ
إِذَا هُمۡ يَنكُثُونَ ١٣٥

**135.** നാം അവരുടെ ദുരിതം അവർ എത്തിച്ചേരേണ്ട ഒരവധിവരെ ദൂരീകരിച്ചുകൊടുത്തപ്പോഴോ, അവരൊക്കെയുമതാ പ്രതിജ്ഞയിൽനിന്ന് പിന്മാറിക്കളയുന്നു.

فَإِذَا جَآءَتۡهُمُ = അവർക്ക് വരുമ്പോൾ, വന്നാൽ ٱلۡحَسَنَةُ = നന്മ (നല്ലകാലം)
قَالُواْ = അവർ പറഞ്ഞു (ഘോഷിച്ചു) لَنَا = നമുക്കുള്ളതാണ് (നാം അർഹിക്കുന്നതുതന്നെയാണ്) هَٰذِهِۦۖ = ഇത്

وَإِن تُصِبْهُمْ = (വരുമ്പോഴോ) അവരെ ബാധിച്ചാൽ سَيِّئَةٌ = ദോഷം (ദോഷകാലം)

يَطَّيَّرُوا۟ = (ദുശ്ശകുനത്തിന്റെ ഫലമാണെതെന്ന് ആരോപിക്കുകയും ചെയ്യും) അവർ ശകുനം നോക്കുന്നു

بِمُوسَىٰ = (മൂസായുടെ) മൂസായെ കൊണ്ട് وَمَن مَّعَهُۥٓ = (ഉള്ളവരുടെയും) അദ്ദേഹത്തിന്റെ കൂടെയുള്ളവരെക്കൊണ്ടും

أَلَآ = എന്നാൽ അറിഞ്ഞിരിക്കുവിൻ إِنَّمَا طَـٰٓئِرُهُمْ = അവരുടെ ഭാഗധേയം عِندَ ٱللَّهِ = അല്ലാഹുവിങ്കൽ മാത്രമാകുന്നു

وَلَـٰكِنَّ = പക്ഷേ أَكْثَرَهُمْ = അവരിൽ അധികവും لَا يَعْلَمُونَ = (അത്) അറിയുന്നില്ല

وَقَالُوا۟ = അവർ (ഫറവോനികൾ മൂസായോട്) പറഞ്ഞു

مَهْمَا تَأْتِنَا بِهِۦ =(കാണിച്ചാലും) നീ ഞങ്ങൾക്ക് എന്തൊക്കെ കൊണ്ടുവന്നാലും

مِنْ ءَايَةٍ = ദൃഷ്ടാന്തങ്ങ(ൾ)ളാൽ لِّتَسْحَرَنَا بِهَا = അതുകൊണ്ട് നീ ഞങ്ങളെ വശീകരിക്കാൻ, ആഭിചാരത്തിലകപ്പെടുത്താൻ

فَمَا نَحْنُ = ഞങ്ങൾ അ(പോകുന്നി)ല്ല لَكَ = നി(ന്നെ)നക്ക് بِمُؤْمِنِينَ = (വിശ്വസിക്കാൻ) വിശ്വാസികൾ

فَأَرْسَلْنَا = അപ്പോൾ, അങ്ങനെ നാം അയച്ചു عَلَيْهِمُ = (നേരെ) അവരുടെ മേൽ ٱلطُّوفَانَ = പ്രളയം وَٱلْجَرَادَ = വെട്ടുകിളിയെയും

وَٱلْقُمَّلَ = പേൻ, ചെള്ളുകളെയും وَٱلضَّفَادِعَ = തവളയെയും وَٱلدَّمَ = ചോരയെയും ءَايَـٰتٍ = ദൃഷ്ടാന്തങ്ങളായിട്ട്

مُّفَصَّلَـٰتٍ = ബഹുവിധ, വ്യത്യസ്തങ്ങളായ, വേറെ വേറെയായി

فَٱسْتَكْبَرُوا۟ = (എന്നിട്ടും) അവർ അഹങ്കരിച്ചു, ഗർവിഷ്ഠരായി നിലകൊണ്ടു وَكَانُوا۟ = അവരായിരുന്നു قَوْمًا = ജനം(തന്നെ)

مُّجْرِمِينَ = മഹാപാപികളായ, ധിക്കാരികളായ وَلَمَّا وَقَعَ عَلَيْهِمُ = (അണയുമ്പോഴൊക്കെ) അവരുടെ മേൽ സംഭവിച്ചപ്പോൾ

ٱلرِّجْزُ = ശിക്ഷ, പീഡനം, ദുരിതം قَالُوا۟ = (അപേക്ഷിക്കും) അവർ പറഞ്ഞു يَـٰمُوسَى = അല്ലയോ മൂസാ

ٱدْعُ لَنَا = ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കൂ رَبَّكَ = താങ്കളുടെ നാഥനോട്

بِمَا عَهِدَ عِندَكَ = അവൻ നിന്റെയടുക്കൽ(താങ്കൾക്ക്) അരുളിയ വരംകൊണ്ട് لَئِن كَشَفْتَ = (നീക്കിത്തന്നാൽ) നീ വെളിവാക്കിയാൽ

عَنَّا = ഞങ്ങളിൽനിന്ന് ٱلرِّجْزَ = (ഈ) ദുരിതം لَنُؤْمِنَنَّ لَكَ = തീർച്ചയായും ഞങ്ങൾ നിന്നെ വിശ്വസിക്കാം

وَلَنُرْسِلَنَّ مَعَكَ = തീർച്ചയായും ഞങ്ങൾ നിന്നോടൊപ്പം വിട്ടയക്കുകയും ചെയ്യാം بَنِىٓ إِسْرَٰٓءِيلَ = ഇസ്രാഈൽ വംശത്തെ

فَلَمَّا كَشَفْنَا عَنْهُمُ ٱلرِّجْزَ = (ദൂരീകരിച്ചപ്പോൾ) നാം അവരിൽനിന്ന് ദുരിതം വെളിവാക്കിയപ്പോൾ إِلَىٰٓ أَجَلٍ = ഒരവധിവരെ

هُم = അവർ بَـٰلِغُوهُ = (പിക്കേണ്ട) അതിനെ പ്രാപിക്കുന്നവരാണ് إِذَا هُمْ = അവര(രൊക്കെയുമ)താ

يَنكُثُونَ = (പ്രതിജ്ഞയിൽനിന്ന് പിന്മാറുന്നു) ശപഥം ലംഘിക്കുന്നു

**131–133:** حسنة (നന്മ)കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് സമൃദ്ധിയും സൗഖ്യവുമുള്ള നല്ലകാലമാണ്. سيّئة അതിന്റെ വിപരീതവും. طَير (പക്ഷി) എന്ന പദത്തിൽനിന്നുത്ഭവിച്ച പദമാണ് طيّرة (പക്ഷിശാസ്ത്രം അഥവാ പക്ഷികളുടെ ഗതിനോക്കി ശുഭാശുഭങ്ങൾ നിർണയിക്കുക). നമ്മുടെ നാട്ടിലെ ഗൗളിശാസ്ത്രം പോലെ ജാഹിലീകാലത്ത് അറേബ്യയിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു അന്ധവിശ്വാസമാണിത്. ഒരാൾ ഒരു കാര്യം ഉദ്ദേശിച്ചാൽ, ഏതെങ്കിലും പക്ഷികളിരിക്കുന്നിടത്ത് ചെല്ലുന്നു. എന്നിട്ട് അതിനെ അവിടെനിന്ന് ആട്ടിപ്പറത്തും. പക്ഷി പറക്കുന്നത് വലത്തോട്ടാണെങ്കിൽ ഉദ്ദിഷ്ടകാര്യം നല്ലതും വിജയകരവുമാണ്, അതുമായി മുന്നോട്ടുപോകാം. ഇടത്തോട്ടാണ് പറക്കുന്നതെങ്കിൽ കാര്യം നന്നല്ല. വിജയിക്കുകയുമില്ല. അതിൽനിന്ന് പിന്തിരിയണം. ശകുനം, ലക്ഷണം, പ്രശ്നംവെപ്പ്, കണക്കുനോട്ടം തുടങ്ങിയ അർഥങ്ങളിലും ഈ പദം ഉപയോഗിച്ചുവരുന്നു. طيرة-ൽനിന്നുള്ള ക്രിയാരൂപങ്ങളിലൊന്നാണ് يَطَّيَّرُوا۟. അവർ ശകുനം നോക്കുന്നു എന്നർഥം. يَطَّيَّرُوا۟ بِمُوسَىٰ എന്നാൽ മൂസായിൽ അവലക്ഷണം ആരോപിക്കുന്നു. طار (പറന്നു) എന്നതിൽനിന്നുള്ള കർതൃപദമാകുമ്പോൾ طائر പക്ഷിയാണ്. طيرة-ൽ നിന്നുള്ള طائر ഭാഗധേയവും ഭാഗ്യനിർഭാഗ്യങ്ങളുമാകുന്നു. ഇവിടെ طائرهم എന്നു പറഞ്ഞിട്ടുള്ളത് ഈ അർഥത്തിലാകുന്നു. سحر -ൽനിന്നുള്ളതാണ് لِّتَسْحَرَنَا. അർഥം നീ ഞങ്ങളെ ആഭിചാരം ചെയ്യാൻ അഥവാ ആഭിചാരത്തിലകപ്പെടുത്താൻ എന്നുമാവാം, വശീകരിക്കാൻ എന്നുമാവാം.

മൂസാ(അ)യുടെ പ്രവാചകത്വം സാക്ഷ്യപ്പെടുത്താൻ അല്ലാഹു 9 ദൃഷ്ടാന്തങ്ങൾ നൽകിയതായി സൂറഃ *അൽ ഇസ്രാഇൽ* പറയുന്നുണ്ട്. وَلَقَدْ ءَاتَيْنَا مُوسَىٰ تِسْعَ ءَايَـٰتٍۭ بَيِّنَـٰتٍ (മൂസാക്ക് നാം ഒമ്പത് സുവ്യക്ത ദൃഷ്ടാന്തങ്ങൾ നൽകി). ഇതിൽ നാലെണ്ണം (നിലത്തിട്ടാൽ പാമ്പാകുന്ന വടി, കീശയിൽ കടത്തിയാൽ ശുഭ്രവർണമാകുന്ന കൈ, വരൾച്ച, വിളനാശം) മുൻസൂക്തങ്ങളിൽ പരാമർശിച്ചു. ബാക്കി അഞ്ചെണ്ണമാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. 130-ാം സൂക്തത്തിൽ പറഞ്ഞ രണ്ടും 133-ാം സൂക്തത്തിൽ പറഞ്ഞ അഞ്ചും പിന്നെ സൂറഃ *യൂനുസ്* 88-ാം സൂക്തത്തിൽ പറഞ്ഞ ധനനാശം, ഹൃദയകാഠിന്യം എന്നീ രണ്ടെണ്ണവും ചേർന്നതാണ് ഒമ്പത് ദൃഷ്ടാന്തങ്ങൾ എന്ന് ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇമാം ബൈളാവിയുടെ വീക്ഷണത്തിൽ പാറയിൽ അടിച്ച് വെള്ളമൊഴുക്കിയതാണ് ഒരു ദൃഷ്ടാന്തം. മൂസാ(അ) ഫറവോന്റെ മുന്നിൽ പത്തു ദൃഷ്ടാന്തങ്ങൾ പ്രത്യക്ഷപ്പെടുത്തിയതായാണ് ബൈബിൾ പുറപ്പാട് പുസ്തകത്തിൽ പറയുന്നത്. വടി, രക്തം, തവള, ചെള്ള്, ഈച്ചകൾ, കാലിനാശം, ഹിമവർഷം, വെട്ടുകിളി, അന്ധകാരം, ആദ്യജാതരുടെ മരണം എന്നിവയാണവ.

ഈ ദൃഷ്ടാന്തങ്ങളിൽ വടിയും കൈയും ഒഴിച്ചുള്ള

തെല്ലാം ദുരിതമയങ്ങളായിരുന്നു. ഓരോ ദുരിതവും അസഹ്യമാകുമ്പോൾ അവർ മൂസാ(അ)യെ സമീപിക്കുകയും അല്ലാഹുവിനോട് പ്രാർഥിച്ച് ദുരിതമകറ്റിത്തന്നാൽ ഞങ്ങൾ നീ പറയുന്ന പ്രപഞ്ചനാഥനിലും നിന്റെ പ്രവാചകത്വത്തിലും വിശ്വസിച്ചുകൊള്ളാമെന്ന് വാക്കുകൊടുക്കുകയും ചെയ്യും. അതനുസരിച്ച് മൂസാ പ്രാർഥിക്കുകയും ദുരിതമകലുകയും ചെയ്താൽ പറയും; ഇതുകൊണ്ടൊന്നും ഞങ്ങളെ പാട്ടിലാക്കാൻ നോക്കേണ്ട. എല്ലാം നിന്റെ മായാജാലമാണ്. എന്തൊക്കെ മായാജാലം കാണിച്ചാലും ഞങ്ങൾ മയങ്ങുകയില്ല. നിന്നിൽ വിശ്വസിക്കാനും പോകുന്നില്ല.

സുഖത്തിന്റെയും സമൃദ്ധിയുടെയും സന്ദർഭങ്ങളിൽ, അത് അല്ലാഹുവിങ്കൽനിന്ന് ലഭിച്ച അനുഗ്രഹമാണെന്ന് സമ്മതിക്കാൻ അവർ തയാറായിരുന്നില്ല. എല്ലാം തങ്ങളുടെ സാമർഥ്യം കൊണ്ടും യോഗ്യതകൊണ്ടും നേടിയതാണ്. വിശുദ്ധ മേൽജാതികളായ ഞങ്ങൾ അർഹിക്കുന്നത് ഈ സുഖവും സമൃദ്ധിയും തന്നെയാണ് എന്നായിരുന്നു അവരുടെ നിലപാട്. ഇത് ഫറവോനികളുടെ മാത്രം സ്വഭാവമായിരുന്നില്ല. ദുഃഖം വരുമ്പോൾ അതിന്റെ ശമനത്തിനായി ദൈവത്തിന്റെ മുന്നിൽ നീണ്ട പ്രാർഥനയിലേർപ്പെടുന്ന മനുഷ്യൻ, സുഖം ലഭിക്കുമ്പോൾ അത് ദൈവത്തിന്റെ ദാനമാണെന്നംഗീകരിക്കാനും നന്ദികാണിക്കാനും മടിക്കുന്നു. തന്റെ നേട്ടങ്ങളുടെ നിമിത്തം താൻ, തന്റെ അറിവും കഴിവും ആണെന്നവകാശപ്പെടാനായിരിക്കും അവനിഷ്ടം. ദൈവനിഷേധികളുടെ മാത്രമല്ല, ദൈവവിശ്വാസികളിലും ഏറെപ്പേരുടെ സ്വഭാവമിതാണ്. അവരുടെ വിശ്വാസം മനസ്സിന്റെ ആഴത്തിലേക്കിറങ്ങിയിട്ടുണ്ടാവില്ല. അവശതയുണ്ടാകുമ്പോൾ താങ്ങായി ഉപയോഗിക്കാനുള്ള വടിയാണവർക്ക് ദൈവവിശ്വാസം. അവശത മാറിയാൽ അവരാ വടി മറക്കുകയോ മാറ്റിവെക്കുകയോ ചെയ്യുന്നു.

ദൃഷ്ടാന്തങ്ങൾ ദുരിതരൂപത്തിലെത്തുമ്പോൾ ഫറവോനികൾ അവയെ കണ്ടിരുന്നത് മൂസായുടെയും മറ്റു വിശ്വാസികളുടെയും കുറ്റമായിട്ടാണ്. മൂസായും കൂട്ടരും അവർ സേവിക്കുന്ന ഭൂതപ്രേതാദികളെക്കൊണ്ട് വരുത്തിവെക്കുന്നതാണീ നാശങ്ങൾ. ഇത്തരം ആളുകളുണ്ടാകുന്നതുതന്നെ നാട്ടിനു വലിയ അവലക്ഷണമാണ്. ഇങ്ങനെയൊക്കെയാണവർ വാദിച്ചത്. എന്നാൽ മനുഷ്യന്റെ ഭാഗധേയം നിശ്ചയിക്കുന്നത് അല്ലാഹു മാത്രമാണ്. അല്ലാഹു അതു നിശ്ചയിക്കുന്നതാകട്ടെ മനുഷ്യന്റെ വിചാരവും കർമവും പരിഗണിച്ചാണ്. അതുകൊണ്ട് ചില സൂക്തങ്ങളിൽ നിങ്ങളുടെ ഭാഗധേയം നിങ്ങളിൽ തന്നെയാണ് എന്നും പറയുന്നുണ്ട്. സൂറഃ *യാസീനിൽ* പ്രവാചകന്മാർ ജനങ്ങളോടു പറഞ്ഞതായി ഖുർആൻ ഉദ്ധരിക്കുന്നു: قَالُوا۟ طَـٰٓئِرُكُم مَّعَكُمْ (ആ പ്രവാചകന്മാർ പറഞ്ഞു: നിങ്ങളുടെ ഭാഗധേയം നിങ്ങളോടൊപ്പം തന്നെയാകുന്നു). സൂറഃ *അൽ ഇസ്രാഇൽ* അല്ലാഹു മനുഷ്യരോട് പറയുന്നു: وَكُلَّ إِنسَـٰنٍ أَلْزَمْنَـٰهُ طَـٰٓئِرَهُۥ فِى عُنُقِهِۦ (ഓരോ മനുഷ്യന്റെയും ഭാഗധേയം നാം അവന്റെ ചുമലിൽതന്നെ ബന്ധിച്ചിരിക്കുന്നു).

ഇവിടെപ്പറയുന്ന ദൃഷ്ടാന്തങ്ങൾ ഒറ്റയടിക്കു വരികയായിരുന്നില്ല. ഓരോ ദുരിതവും അസഹ്യമാകുമ്പോൾ അവർ മൂസായെ സമീപിച്ച് അതിൽനിന്ന് മോചനം നേടും. അനന്തരം വാക്കു ലംഘിക്കുമ്പോൾ മറ്റൊരു ദുരിതം പ്രത്യക്ഷപ്പെടുന്നു. ആദ്യം കടുത്ത വരൾച്ചയുണ്ടായി ദാഹജലം മുട്ടിയപ്പോൾ അവർ മൂസായെ സമീപിച്ചു. വരൾച്ച മാറിയപ്പോൾ വിളനാശമുണ്ടായി. ധാരാളം വിളയുണ്ടായിരുന്ന വയലുകളിലും വൃക്ഷങ്ങളിലും വിളവ് നന്നേ കുറഞ്ഞു. നാട്ടിൽ പട്ടിണിയായി. അതുമാറിയപ്പോൾ വെള്ളപ്പൊക്കമായി. അതിനുശേഷം വെട്ടുകിളികൾവന്ന് വിളകളെല്ലാം നശിപ്പിച്ചുകൊണ്ടിരുന്നു. അതും വിളനാശത്തിനു തുല്യമായ ദുരിതം വിതച്ചു. പിന്നെ കടലിൽനിന്ന് തവളക്കൂട്ടങ്ങൾ കരക്കുകയറി. അവ വീടുകളിലും പാത്രങ്ങളിലും ഭക്ഷണത്തിലും മെത്തയിലുമെല്ലാം നിറഞ്ഞു പൊറുതിമുട്ടിച്ചു. മൂസാനബിയുടെ പ്രാർഥനയെത്തുടർന്ന് തവളകൾ കടലിലേക്ക് തിരിച്ചുപോയപ്പോൾ ചെള്ളുകളുടെ വരവായി. നാട്ടിൽ പച്ചപ്പുള്ള ഒരു തണ്ടും അവ കരണ്ടു നശിപ്പിക്കാതെ വിട്ടില്ല എന്നാണ് കഥകളിൽ പറയുന്നത്. ആ ദുരിതം മാറിയശേഷം ചോരയുടെ ഒഴുക്കായി. നദികളിലും കിണറുകളിലും കുളങ്ങളിലുമെല്ലാം ചെഞ്ചോര നിറഞ്ഞു. ജനത്തിന്റെ കുളിയും കുടിയും മുട്ടി. ഒരു ദുരിതത്തിന്റെയും അടുത്ത ദുരിതത്തിന്റെയും ഇടക്ക് മാസങ്ങളുടെയോ ചിലപ്പോൾ വർഷങ്ങളുടെയോ വിടവുണ്ടായിരുന്നു. ഇതൊക്കെയായിട്ടും മൂസായെയും അദ്ദേഹത്തിന്റെ ആദർശത്തെയും അംഗീകരിക്കാൻ അവർ കൂട്ടാക്കിയില്ല. ദുരിതങ്ങളുടെ ആഗമനക്രമം പല വ്യാഖ്യാതാക്കൾ പല രീതിയിലാണ് വിവരിച്ചിട്ടുള്ളത്.

ഈ സൂക്തങ്ങളിൽ പറഞ്ഞ طيرة (ശകുനം നോക്കൽ) മുസ്‌ലിംകൾക്ക് നിഷിദ്ധമാണ്. അബൂദാവൂദ് ഉദ്ധരിച്ച ഒരു നിവേദനത്തിൽ നബി(സ) പ്രസ്താവിക്കുന്നു: 'പക്ഷികളെ അവയിരിക്കുന്നിടത്ത് ഇരിക്കാനനുവദിക്കുക.' മുസ്‌ലിമിന്റെ നിവേദനത്തിൽ لا طيرة (പക്ഷിശാസ്ത്രമില്ല) എന്നും പറയുന്നുണ്ട്. അബൂദാവൂദ് ഉദ്ധരിച്ച ഒരു നിവേദനത്തിൽ പക്ഷിശാസ്ത്രം നോക്കുന്നത് ശിർക്കാകുന്നു എന്ന് തിരുമേനി മൂന്നുവട്ടം ആവർത്തിച്ചു പ്രസ്താവിക്കുന്നുണ്ട്. കണക്കുനോട്ടം, മഷിനോട്ടം, പ്രശ്നംവെപ്പ്, ഗൗളിശാസ്ത്രം, ജ്യോത്സ്യം തുടങ്ങിയവയെല്ലാം طَيرة-ലും തദ്വാരാ ശിർക്കിലും ഉൾപ്പെട്ട നടപടികളാണ്.

വെട്ടുകിളി ഭക്ഷ്യയോഗ്യമായ ചെറുപ്രാണിയാണ്. പക്ഷിവർഗത്തിൽപെട്ടതാണെങ്കിലും അതിനെ അറുക്കേണ്ടതില്ല. 'രണ്ടു ശവങ്ങൾ തിന്നുന്നത് അനുവദനീയമാകുന്നു; മത്സ്യവും വെട്ടുകിളിയും' എന്ന് നബി(സ) പ്രസ്താവിച്ചതായി ദാറഖുത്നി നിവേദനം ചെയ്തിട്ടുണ്ട്. എന്നാൽ ഏതോ വിധത്തിൽ ചത്തുപോയ വെട്ടുകിളിയെ തിന്നുകൂടെന്നും, തിന്നാൻ വേണ്ടി കൊന്നതിനെ മാത്രമേ തിന്നാവൂ എന്നും ഇമാം മാലിക് അഭിപ്രായപ്പെട്ടിരിക്കുന്നു.

മാലികീ മദ്ഹബ് ഒഴിച്ചുള്ള മൂന്ന് മദ്ഹബുകളും തവളയെ തിന്നുന്നത് വിരോധിച്ചിരിക്കുന്നു.

**134,135:** لَمَّا وَقَعَ-യുടെ ഭാഷാർഥം 'സംഭവിച്ചപ്പോൾ' എന്നാണ്. ഇവിടെ അതുപയോഗിച്ചിട്ടുള്ളത് كلما وقع (സംഭവിച്ചപ്പോഴൊക്കെ) എന്ന അർഥത്തിലാണ്. മനുഷ്യന് പീഡനവും യാതനയുമുണ്ടാകുന്ന സംഗതിയാണ് رجز. ശിക്ഷ എന്ന അർഥത്തിലും ഈ പദം ഉപയോഗിക്കുന്നു. فَأَنزَلْنَا عَلَى ٱلَّذِينَ ظَلَمُوا۟ رِجْزًا مِّنَ ٱلسَّمَآءِ (അതിക്രമം പ്രവർത്തിച്ചവരുടെ മേൽ നാം വിണ്ണിൽനിന്ന് ശിക്ഷയിറക്കി) എന്ന് സൂറഃ *അൽബഖറ* 59-ാം സൂക്തത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ ദുരിതം എന്ന അർഥവും ശിക്ഷ എന്ന അർഥവും യോജിക്കുന്നതാണ്. കരാറ്, പരിചയം, സ്വാധീനം, വിശിഷ്ട സ്ഥാനം, നിർദിഷ്ടം എന്നൊക്കെ അർഥമുള്ള عَهْد-ന്റെ ക്രിയാപദമാണ് عَهِدَ. നമ്മുടെ ഭാഷയിലെ 'വരം' എന്ന പദത്തിന്റെ ആശയവും عهد ഉൾക്കൊള്ളുന്നു. ഒരു ഭരണാധികാരിയാൽ നിർദേശിക്കപ്പെടുന്ന അടുത്ത ഭരണാധികാരിയെ ولی العهد എന്നു പറയും. ഇവിടെ عهد കൊണ്ടുദ്ദേശ്യം മൂസാനബിക്ക് ലഭിച്ച പ്രവാചകത്വവും ദിവ്യാത്ഭുതസിദ്ധികളുമാണെന്ന് മുഫസ്സിറുകൾ അഭിപ്രായപ്പെട്ടിരിക്കുന്നു. كشْف (വെളിവാകൽ) എന്ന പദത്തിൽനിന്നുള്ളതാണ് كَشَفْتَ-യും كَشفنا-യും. ഇതിന്റെ കർമം യാതന, ദുരിതം, ശിക്ഷ തുടങ്ങിയവയാകുമ്പോൾ ഉദ്ദേശ്യം അതിന്റെ ദൂരീകരണമായിരിക്കും. كاشف الضرّ എന്നാൽ പീഡകളകറ്റുന്നവൻ.

ഓരോ ദുരിതമേർപ്പെടുമ്പോഴും, ദൈവത്തോട് പ്രാർഥിച്ച് ദുരിതമകറ്റിത്തരേണമെന്ന് ഫറവോൻ മൂസാ(അ)യോട് അപേക്ഷിക്കുകയും വിശ്വാസം വാഗ്ദാനം ചെയ്യുകയും ചെയ്തത് മൂ

സാ യഥാർഥത്തിൽ പ്രവാചകൻ തന്നെയാണെന്ന് ഫറവോനികൾ മനസ്സിലാക്കിയിരുന്നുവെന്നാണ് സൂചിപ്പിക്കുന്നത്. പക്ഷേ തങ്ങളുടെ അടിമകളായ ഇസ്രായേലികളിൽനിന്ന് ഒരാളെ പ്രവാചകനായി അംഗീകരിക്കുന്നത് ഖിബ്ത്വി ആഢ്യത്വത്തിന് പോറലേൽപിക്കുമെന്ന് അവർ കരുതി. മൂസായെ അംഗീകരിച്ചാൽ കാലങ്ങളായി പുലർത്തിപ്പോരുന്ന ദേശീയ പാരമ്പര്യങ്ങളും വിശ്വാസാചാരങ്ങളും അതുവഴി അനുഭവിച്ചുവരുന്ന മേധാവിത്വവും അധികാരാവകാശങ്ങളും നഷ്ടപ്പെടുമെന്ന് ഭയപ്പെടുകയും ചെയ്തു. അതുകൊണ്ട് പാലം കടക്കുവോളം നാരാണയ, പാലം കടന്നാൽ കൂരായണ എന്ന നിലപാടാണവർ മൂസാ(അ)യോട് സ്വീകരിച്ചത്. ഈ നടപടിയുടെ ഒരുവശം കടുത്ത കാപട്യമാണെങ്കിൽ മറുവശം മുരത്ത ധിക്കാരമാണ്. ഓരോ പീഡ കൊണ്ടും പൊറുതിമുട്ടുമ്പോൾ ഫറവോൻ മൂസായെയും ഹാറൂനെയും (അ) കൊട്ടാരത്തിൽ വിളിച്ചുവരുത്തി, പീഡയകറ്റാൻ ദൈവത്തോട് പ്രാർഥിക്കാനഭ്യർഥിക്കുകയും അപ്രകാരം ചെയ്താൽ ഇസ്രാഈല്യരെ വിട്ടയക്കാമെന്ന് വാക്കുകൊടുക്കുകയും ചെയ്തുകൊണ്ടിരുന്ന സംഭവം ബൈബിൾ *പുറപ്പാട്* പുസ്തകത്തിൽ വിസ്തരിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

ഫറവോനികളുടെ ബഹുദൈവവിശ്വാസമാണ് മൂസായോട് ഈ നിലപാട് സ്വീകരിക്കാൻ അവരെ പ്രേരിപ്പിച്ചത് എന്നും ഒരഭിപ്രായമുണ്ട്. ഖിബ്ത്വികളുടെ ദൈവം വേറെ, ഇസ്രാഈല്യരുടെ ദൈവം വേറെ എന്നായിരുന്നു അവരുടെ സങ്കൽപം. മൂസാ ഇസ്രാഈല്യരുടെ ദൈവത്തിന്റെ പ്രവാചകനായിരിക്കാം. ഖിബ്ത്വികൾ സ്വന്തം ദൈവത്തെ കൈവെടിയുകയോ ഇസ്രായേലീ ദൈവത്തെ ആരാധിക്കുകയോ ചെയ്തുകൂടാ. ഇസ്രായേലീ ദൈവം ഖിബ്ത്വികളെ പീഡിപ്പിക്കുമ്പോൾ അതിൽനിന്നുള്ള മോചനത്തിന് പ്രാർഥിക്കാൻ ആ ദൈവത്തിന്റെ ഭക്തനായ മൂസായോടുതന്നെ പറയണം. എന്നുവെച്ച് പീഡയകന്നാലുടനെ സ്വന്തം ദൈവത്തെ ഉപേക്ഷിച്ച് ഇസ്രായേലീ ദൈവത്തെ ആരാധിക്കാനൊന്നും പറ്റില്ല. ഇതായിരുന്നു നിലപാട്.

ഫറവോൻ മൂസായുടെ കാര്യത്തിൽ സങ്കീർണമായ സംശയത്തിലായിരുന്നു എന്നാണ് മറ്റൊരു അഭിപ്രായം. യാതനകളുണ്ടാകുമ്പോൾ തോന്നും; മൂസാ ഒരുപക്ഷേ ദൈവത്തിന്റെ പ്രവാചകൻ തന്നെയായിരിക്കാമെന്ന്. അതകന്നുപോയാൽ തോന്നും എല്ലാം മൂസായുടെ മായാജാലമായിരുന്നുവെന്ന്. എന്തായാലും മൂസാക്ക് എന്തോ ചില ദിവ്യശക്തികളുണ്ടായിരിക്കണം. ഈ ആശയക്കുഴപ്പത്തെ കുറിക്കുന്നതാണ് بِمَا عَهِدَ عِندَكَ എന്ന പ്രയോഗം. 'ദൈവം നിന്നിൽ നിക്ഷേപിച്ചിട്ടുള്ള രഹസ്യങ്ങളെ മുൻനിർത്തി' എന്നാണതിന്റെ വിവക്ഷ. തെളിവുകൾ തിരിച്ചറിയാനാവാതെ, സംഭവത്തിന്റെ പൊരുളിനെക്കുറിച്ചുണ്ടാകുന്ന സംത്രാസമാണാ പ്രയോഗം പ്രകടിപ്പിക്കുന്നത്. സത്യബോധവും ഭൗതികതാൽപര്യങ്ങളും തമ്മിലുള്ള സംഘർഷമാണ് ഈ സംത്രാസത്തിനാധാരം. കൺമുമ്പിൽ തെളിഞ്ഞ സത്യം സ്വീകരിക്കേണമോ അനുഭവിച്ചുവരുന്ന ഭൗതികനേട്ടങ്ങൾ സംരക്ഷിക്കേണമോ എന്നതായിരുന്നു ഫറവോനെ കുഴക്കിയ യഥാർഥ പ്രശ്നം. ഓരോ വട്ടവും അവർ സത്യത്തെ അവഗണിച്ച് മൂസാ(അ)യോടുള്ള പ്രതിജ്ഞ ലംഘിച്ചുകൊണ്ട് സ്വാർഥലാഭങ്ങളിൽ ഉറച്ചുനിൽക്കുകയായിരുന്നു.

ഓരോ ദുരിതത്തിനു ശേഷവും അല്ലാഹു ഫറവോന്നും കൂട്ടർക്കും സത്യത്തിലേക്ക് വരാനുള്ള അവസരം നൽകിക്കൊണ്ടിരുന്നു. വാഗ്ദത്തം ലംഘിച്ച ഉടനെത്തന്നെ മറ്റൊരു ദുരിതം കൊണ്ട് പിടികൂടുകയായിരുന്നില്ല. ഈ അവസരം നിർണിതമായിരുന്നു. ഇതാണ് إِلَىٰٓ أَجَلٍ هُم بَـٰلِغُوهُ (അവർ പ്രാപിക്കേണ്ട ഒരവധിവരെ) എന്ന വാക്യത്തിന്റെ താൽപര്യം. ■